തലത്തിലും ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള concept paper സർക്കാർ തലത്തിൽ ചർച്ച ചെയ്യുകയും തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇത് നടപ്പിലാക്കുന്നതിനുള്ള കൺസൾട്ടൻസിയെ നിയമിക്കുവാൻവേണ്ടി ഒരു ഉന്നതതല കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, മന്ത്രിയുടെ മറുപടി വളരെ ആശാവഹമാണ്. ആ നിലയിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് പെട്ടെന്നുതന്നെ മുന്നോട്ടു പോകുന്നതിനു വേണ്ടി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതല യോഗം വിളിച്ചു ചേർക്കാൻ തയ്യാറാകുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: ഇടുക്കി വികസന അതോറിറ്റിയുടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി എം. എൽ. എ.-മാരടക്കമുള്ള ജനപ്രതിനിധികളും അതുപോലെ കമ്മിറ്റിയുടെ ബന്ധപ്പെട്ടവരുമായുള്ള യോഗം അടുത്തുതന്നെ വിളിച്ചു ചേർക്കാൻ ആഗ്രഹിക്കുന്നു.

III. സബ്മിഷൻ

(1) ഗോവധ നിരോധന ബിൽ പാർലമെന്റിന്റെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കാനുള്ള കേന്ദ്ര ഗവൺമെൻറിന്റെ തീരുമാനം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, രാജ്യവ്യാപകമായി ഗോവധനിരോധനം നടപ്പാക്കാനുള്ള ബിൽ പാർലമെന്റിന്റെ നടപ്പുസമ്മേളനത്തിൽ തന്നെ അവതരിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഗോവധ നിരോധനം നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റുകൾ നിർബന്ധിതമാകുന്നതാണ് നിർദ്ദിഷ്ട ബിൽ. മൃഗസംരക്ഷണം ഭരണഘടനയിൽ സംസ്ഥാന വിഷയമായതിനാൽ സംസ്ഥാന സർക്കാരുകൾക്ക് താൽപ്പര്യമുണ്ടെങ്കിൽ മാത്രം നിയമസഭയ്ക്ക് പ്രമേയം പാസ്സാക്കി നടപ്പാക്കുന്ന തരത്തിൽ നിയമം കൊണ്ടുവരാനായിരുന്നു ആദ്യം ഉദ്ദേശിച്ചത്. ഇപ്പോൾ അത് മാറി ഭരണഘടനയിലെ പൊതു പട്ടികയിൽ 17-ാം വിഷയത്തിൽപ്പെടുത്തി മൃഗങ്ങൾക്കെതിരായ ക്രൂരത തടയാനും, ഗോവധ നിരോധന നിയമം കൊണ്ടുവരാനുമാണ് കേന്ദ്രം തീരുമാനിച്ചിരിക്കുന്നത്. ഈ ബിൽ പാസ്സാക്കപ്പെട്ടാൽ കേരളത്തിൽ പശു, കാള കശാപ്പും മാംസ വിൽപ്പനയും നിയമവിരുദ്ധമാകും. അയൽ സംസ്ഥാനങ്ങളിൽ നിന്നും കന്നുകാലികളെ കേരളത്തിൽ കൊണ്ടുവരാൻ കഴിയാതെയും കേരളത്തിൽ പശു, കാള കശാപ്പുശാലകളെല്ലാം അടച്ചു പൂട്ടേണ്ടിയും വരും. കേരളത്തിൽ കനത്ത സാമ്പത്തിക നഷ്ടമുണ്ടാകും. ജനങ്ങളിലാണെങ്കിൽ വലിയൊരു ശതമാനം ആളുകൾ ഈ മാംസം കഴിക്കുന്നവരാണ്. സാധാരണക്കാരന് പോക്കറ്റിൽ വലിയ ഭാരമില്ലാത്ത പോഷക സമൃദ്ധമായ ഒരു ഭക്ഷണ സാധനമാണിത്. മാത്രമല്ല,

LIBRARY ARCHIVES Kerala Legislative Assembly

വൻതോതിൽ വിദേശ നാണ്യം നേടിത്തരുന്ന ഒരു വ്യവസായമാണ്. കയറ്റുമതിയിൽ ഒന്നാം നിരയിലുള്ള തുകൽ വ്യവസായം ഇതിന്റെ ഫലമായി തകരും. നൂറു കണക്കിന് ചെറുകിട റസ്റ്റോറന്റുകളും ഹോട്ടലുകളും ഫാസ്റ്റ് ഫുഡ് സ്ഥാപനങ്ങളും ഇന്ന് കേരളത്തിൽ തകർച്ചയെ നേരിടുന്നു. അയ്യായിരത്തിലധികം പശുക്കൾ പ്രതിദിനം അതിർത്തികടന്ന് കേരളത്തിൽ വരുന്നുണ്ട്. കഴിഞ്ഞവർഷം ഇവിടെ വന്നത് 5 ലക്ഷം പശുക്കളാണ്. 3.2 ലക്ഷം ടൺ മാംസം പ്രതിവർഷം കേരളത്തിൽ ആവശ്യമുണ്ട്. ഇന്നത്തെ നിലയിലാണെങ്കിൽ 1.6 ലക്ഷം ടൺ മാത്രമേ കേരളത്തിൽ ഇറച്ചി കമ്പോളത്തിൽ ലഭ്യമായുള്ളു. ഗോവധ നിരോധനം നടപ്പിലാക്കിയാൽ ഇത് വലിയ തോതിലുള്ള പ്രശ്നങ്ങളാണ് കേരളത്തിലുണ്ടാക്കാൻ പോകുന്നത്. ഭക്ഷ്യ സാധനത്തിന്റെ തന്നെ വില കയറും, മറ്റ് മാംസത്തിന് വലിയ വിലക്കയറ്റം ഉണ്ടാകും. ഇതോടൊപ്പംതന്നെ ആരോഗ്യപ്രശ്നവുമുണ്ടാകും. ആന്ത്രാക്സ് പോലുള്ള മാരക രോഗങ്ങൾ ഉണ്ടാകത്തക്ക വിധത്തിൽ ഈ പഴകിയ മാംസങ്ങൾ വിൽപ്പന നടത്തുന്ന സ്ഥിതി വരുമ്പോൾ ഉണ്ടാകും. ചാരായം നിരോധിച്ചപ്പോഴുണ്ടായ ഒരു പുതിയ സ്ഥിതിവിശേഷത്തിലേക്കാണ് നമ്മുടെ സംസ്ഥാനം നീങ്ങാൻ പോകുന്നത്. ഇത് ആരെങ്കിലും ലംഘിച്ചാൽ 5 വർഷംവരെ തടവുശിക്ഷ വിധിക്കത്തക്ക വിധത്തിലുള്ളതാണ്. ഇവിടെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി കൊണ്ടുവരുന്ന ഒരു സമീപനമാണ്. കേരളത്തെയാണ് ഇത് ഏറ്റവും പ്രതികൂലമായി ബാധിക്കാൻ പോകുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്ന ഈ ഗുരുതരമായ സ്ഥിതിവിശേഷം കേന്ദ്രത്തെ അടിയന്തിരമായി ബോദ്ധ്യപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. യഥാർത്ഥത്തിൽ നമ്മുടെ നിയമസഭ ഒരു പ്രമേയം തന്നെ പാസ്സാക്കേണ്ടതാണ്. ചട്ടം 130 അനുസരിച്ച് ഞാനിവിടെ നോട്ടീസ് നൽകിയിരുന്നു. നിയമസഭയുടെ അഭിപ്രായം ഏതായാലും കേന്ദ്രത്തെ അറിയിക്കണം. ഇതൊരു പ്രത്യേക വിഷയമായി കണ്ടുകൊണ്ട്, നമുക്കിപ്പോൾ അതിനുവേണ്ടി സമയമെടുക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ മറ്റു കാര്യങ്ങളൊന്നും പറയുന്നില്ല, ഈ പ്രത്യേക ഗൗരവം പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ ഗവൺമെന്റും ഒരു പ്രമേയം തന്നെ കൊണ്ടുവരികയാണെങ്കിൽ പ്രതിപക്ഷം പൂർണ്ണമായും അതിൽ സഹകരിക്കാം, വലിയ ചർച്ചയൊന്നുമില്ലാതെ നമുക്കത് പാസ്സാക്കി കേന്ദ്രത്തിന് അയയ്ക്കാം. ശ്രീമാൻ എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന ഒരു നിയമസഭ ഒരു പ്രമേയം പാസ്സാക്കി എന്നുവന്നാൽ ദേശീയതലത്തിൽ തന്നെ അതിന് നല്ലൊരു പ്രതികരണമുണ്ടാകും. അത്തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കാൻ ഈ ഗവൺമെന്റ് സന്നദ്ധമാകണം. സംസ്ഥാനത്തിന്റെ വികാരം, കേരളത്തിന് പ്രതികൂലമായുണ്ടാകുന്ന ഈ സാഹചര്യം കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താൻ മുഖ്യമന്ത്രിയും ഗവൺമെന്റും ഈ നിയമസഭയുടെ പ്രതികരണം അറിയിക്കണം. ബഹുമാനപ്പെട്ട ചെയറും ആ കാര്യത്തിലിടപെടണമെന്നാണ് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ചെയറിന് ഇതിനോട് 100 ശതമാനം യോജിപ്പാണുള്ളത്. ഇക്കാര്യത്തിലിടപെടുന്നത് ശരിയല്ല. അതുമാത്രമല്ല, ഇതിൽ വേറെയും ഒരു പ്രശ്നമുണ്ട്. ഇത് നിരോധിച്ചാൽ It will be a big problem, പ്രായം ചെന്ന മൃഗങ്ങളേയും ഉൽപ്പാദന ശേഷിയില്ലാത്ത മൃഗങ്ങളേയും ഫീഡ് ചെയ്യുക എന്ന് പറയുന്നത് കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം വലിയൊരു പ്രോബ്ലമാണ്. ഇവയെ എങ്ങനെ ഫീഡ് ചെയ്യും? അത് കർഷകർക്ക് താങ്ങാൻ പറ്റാത്ത ഒരു ബർഡനായിട്ടുതീരും. Moreover it is a poor man's meat, we are denying that privilege.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കൃഷി, മൃഗസംരക്ഷണം എന്നീ സംസ്ഥാന വിഷയങ്ങളെ കേന്ദ്ര വിഷയങ്ങളാക്കി മാറ്റി ഭരണ ഘടന ഭേദഗതി ചെയ്ത് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാകത്തക്ക വിധത്തിൽ ഗോവധം നിരോധിക്കുന്ന കേന്ദ്ര നിയമം കൊണ്ടുവരണമെന്നാണ് കേന്ദ്ര സർക്കാർ നിയമിച്ച കന്നുകാലി കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്. ഗോവധ നിരോധനം നിലവിൽ വന്നാൽ സാധാരണക്കാരായ മാംസഭുക്കുകൾക്ക് ലഭ്യമാകുന്ന വിലകുറഞ്ഞ മാംസം ലഭിക്കാതെ വരികയും മാംസോൽപ്പാദന മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിവരുന്ന ആയിരക്കണക്കിന് കുടുംബങ്ങളെ ഇത് ദോഷകരമായി ബാധിക്കുകയും ചെയ്യും. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുള്ളതുപോലെ ഗോശാലകളോ മറ്റു സംവിധാനങ്ങളോ ഇല്ലാത്തതിനാൽ പ്രായമായതും ഉൽപ്പാദക്ഷമതയില്ലാത്തതുമായ ഉരുക്കളെ സംരക്ഷിക്കുന്നത് ഭാരമാകുകയും ചെയ്യും. ഇതാണ് ഈ പ്രശ്നം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സംസ്ഥാന ഗവൺമെന്റിന്റെ വികാരം അറിയിക്കണ്ടേ?

ശ്രീ. എ. കെ. ആന്റണി: ബിൽ പാർലമെന്റിൽ വന്നിട്ടില്ല. കേന്ദ്രം സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ചോദിക്കും, അറിയിക്കേണ്ട സന്ദർഭത്തിൽ അറിയിക്കും.

മി. സ്പീക്കർ: പല പത്രങ്ങളും ഇതിന് എഡിറ്റോറിയൽത്തന്നെ എഴുതിയിട്ടുണ്ട്.

ശ്രീ. എ. കെ. ആന്റണി: ഇതൊരു സ്റ്റേറ്റ് സബ്ജക്ടാണ്, അതുകൊണ്ട് നമ്മളോട് ചോദിച്ചിട്ടേ ചെയ്യാൻ പറ്റുകയുള്ളൂ. അപ്പോൾ നിലപാട് അറിയിക്കാം.

(2) നഞ്ചൻകോട്ടു നിന്നും സുൽത്താൻ ബത്തേരി വഴി നിലമ്പൂരിലേക്കുള്ള റെയിൽവേ ലെയിനിന്റെ നിർമ്മാണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, കേരളത്തിന്റെ വിവിധ മേഖലകളിൽ സമഗ്രമായ പുരോഗതിക്കു വഴിയൊരുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സംഭാവന ചെയ്യാൻ കഴിയുന്ന നഞ്ചൻകോട്ടുനിന്ന് സുൽത്താൻ ബത്തേരിവഴി നിലമ്പൂരിലേക്കു

LIBRARY ARCHIVES Kerala Legislative Assembly